### പാഠം 10

# വിദ്യാഭ്യാസം ശാസ്ത്രങ്ങളിലും കലകളിലും

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമർ 1:18–21, സങ്കീ. 19:1–6; 96:9, ഉല്പത്തി 3:6, 1 തിമൊ. 6, സദൃശ. 1, ഇയ്യോബ് 38**

**മനഃപാഠവാക്യം: "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശ വിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ. 19:1).**

---

---

---

വിദ്യാഭ്യാസത്തിൽ "ശാസ്ത്രങ്ങളും കലകളും" ഉൾപ്പെടുന്നു. എന്നാൽ ഒരു വേദപുസ്തകപരമായ കാഴ്ചപ്പാടിൽനിന്ന് പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുമ്പോൾ, ഇത് എന്ത് സൂചിപ്പിക്കുന്നു? ഉദാഹരണത്തിന്, ചരിത്രത്തിലോ, കലയിലോ, ആധുനിക വൈദ്യത്തിലോ ഉള്ള ഒരു പ്രത്യേക ഭാവവുമായി ബന്ധപ്പെടുത്തി തിരഞ്ഞെടുത്ത വേദപുസ്തക വാക്യങ്ങൾ നൽകുക മാത്രമാണോ നാം ചെയ്യുന്നത്? അങ്ങനെ ചെയ്യുന്നതിലൂടെ, നമുക്ക് നമ്മുടെ പ്രായോഗിക പാഠങ്ങളെ ഈ സങ്കീർണ്ണ ലോകം സൃഷ്ടിച്ച ദൈവത്തിന്റെ ആശ്ചര്യകരമായ ശക്തിയുമായി ബന്ധിപ്പിക്കാം. ഒരു പാഠപുസ്തകത്തിൽ തിരുവെഴുത്തിന്റെ ഒരു ലളിതമായ സംയോജിപ്പിക്കൽ യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണ് – വീണ്ടെടുക്കുന്നതും മോചിപ്പിക്കുന്നതുമായ വിദ്യാഭ്യാസം.

അപ്രകാരമുള്ള ഒരു വിദ്യാഭ്യാസം പ്രാവർത്തികമാവാൻ, എല്ലാ മേഖലകളിലും ഉള്ള അദ്ധ്യാപനത്തെ ദൈവവചനം സ്പർശിക്കേണ്ടതുണ്ട്, മാനവിക ശാസ്ത്രം മുതൽ തന്മാത്ര ജീവശാസ്ത്രം വരെ. അതില്ലാതെ നമുക്ക് ദൈവത്തിന്റെ വലിപ്പം നഷ്ടമാകും. നമ്മുടെ ലോകത്തിന്റെ പരിപാലകനും സ്രഷ്ടാവുമെന്ന അവന്റെ പരമാധികാരം. കൃത്യമായ ഉദ്ദേശ്യത്തോടും സ്വാഭാവികവുമായാണ് ദൈവം തന്റെ സൃഷ്ടിയെ കാണുന്നതെന്ന് പഠിക്കുമ്പോൾ, ചില മേഖലകളിലെ വിഷയങ്ങൾ എങ്ങനെ പഠിപ്പിക്കണമെന്നും പഠിപ്പിക്കാമായിരുന്നുവെന്നും മനസ്സിലാക്കുന്നതിലേക്ക് നാം അടുത്തുവരും.

ലോകദർശനത്തിന്റെയും ക്രിസ്തീയ കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ നമുക്ക് എങ്ങനെ ശാസ്ത്രങ്ങളും കലകളും പഠിപ്പിക്കാം എന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ചില തത്വങ്ങൾ നാം ഈയാഴ്ചയിൽ പഠിക്കും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 5 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## കർത്താവ് മാത്രം

അവന്റെ സകല സൃഷ്ടിയിലും ജീവിക്കുന്ന ദൈവത്തിന്റെ തെളിവുണ്ട്. ഈ പ്രസ്താവന മിക്കപ്പോഴും ആവർത്തിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അത് ഒരു പഴഞ്ചൻ പദപ്രയോഗം ആയിട്ടുണ്ട്. ഉദാഹരണത്തിന്, മനുഷ്യർ കേടുവരുത്തുകയും നശിപ്പിക്കുകയും ചെയ്ത ഈ ഭൂമി സൃഷ്ടിച്ചപ്പോൾ ഉള്ള ദൈവത്തിന്റെ മനസ്സ്, നാം കണക്കിലെടുക്കുകയാണെങ്കിൽ, നമുക്ക് കലകളും ശാസ്ത്രങ്ങളും എങ്ങനെ ഏറ്റവും നന്നായി പഠിപ്പിക്കാമെന്നതിലേക്ക് കൂടുതൽ അടുത്തുവരും. ഉദാഹരണത്തിന്, മനുഷ്യന്റെ ഗർഭകാലം എടുക്കുക. ജീവശാസ്ത്രം നമ്മോട് പറയുന്നത് പുതിയ ബുദ്ധിയുള്ള മനുഷ്യജീവൻ പുറത്തുവരുന്നത് ഒരു ബീജസങ്കലനം നടന്ന അണ്ഡത്തിൽ നിന്നാണ്, പിന്നെ ഒൻപത് മാസത്തിനുശേഷം അത് പൂർണവളർച്ചയെത്തുന്നു. ഒരു സ്നേഹവാനായ സ്രഷ്ടാവിന്റെ അടയാളങ്ങൾ ഈ ചക്രത്തിലുടനീളമുണ്ട്. ഒരു ഭ്രൂണം വികസിക്കുന്നിടത്ത് ദൈവത്തിന്റെ സ്നേഹമയമായ ദയ ദർശിക്കാനാകും: കൃത്യമായി മിടിക്കുന്ന ഒരു അമ്മയുടെ ഹൃദയത്തിനു താഴെ. ഭ്രൂണം വലുതാകുന്നതനുസരിച്ച് അവൾക്ക് കാണത്തക്കവിധം അമ്മയുടെ വയറും വലുതാകുന്നു. പ്രതീക്ഷിക്കുന്ന അമ്മയെ എപ്പോഴും അവളുടെ കുഞ്ഞിനെക്കുറിച്ച് ബോധ്യം വരുത്തിക്കൊണ്ടിരിക്കും, സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് അവന്റെ കുഞ്ഞുങ്ങളെക്കുറിച്ച് ബോധവാനായിരിക്കുന്നതുപോലെ.

**റോമർ 1:18–21; സങ്കീ. 19:1–6; നെഹെ. 9:6 വായിക്കുക. നമ്മുടെ സ്രഷ്ടാവെന്ന നിലയിൽ ദൈവത്തിന്റെ വേലയെക്കുറിച്ച് അവ നമ്മോട് എന്ത് പറയുന്നു?**

പാപത്തിന്റെ 6000 വർഷങ്ങൾക്കുശേഷവും ലോകവ്യാപകമായ നാശം വിതച്ച പ്രളയത്തിന് ആയിരക്കണക്കിന് വർഷങ്ങൾക്കുശേഷവും, പൂർണമായും ശക്തമായ തെളിവ് നിലനില്ക്കുന്നു, ദൈവത്തെ നമ്മുടെ സ്രഷ്ടാവായി മാത്രമല്ല പിന്നെയോ സ്രഷ്ടാവായ ഈ ദൈവത്തിന്റെ ഉദാരതയും, സ്നേഹവും, ശക്തിയുടെയും കൂടെ. അത് വളരെ ശക്തമാണ്, വാസ്തവത്തിൽ, പൗലൊസ് റോമർ 1:18–21 ൽ പറയുന്നത് ഈ ദൈവത്തെ ത്യജിക്കുന്നവർ ന്യായവിധിദിവസം "പ്രതിവാദമില്ലാതെ"യിരിക്കുമെന്നാണ്, കാരണം അവൻ ഉണ്ടാക്കിയതിൽനിന്ന് അവനെക്കുറിച്ച് ആവശ്യമായത് പഠിക്കാൻ കഴിയും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവർക്ക് അജ്ഞത നടിക്കാനാകില്ല!

പ്രത്യേകമായി അനേകം മനുഷ്യർ സ്രഷ്ടാവിനെക്കാൾ സൃഷ്ടിയെ ആരാധിക്കുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്രങ്ങളിലും കലകളിലും ഉള്ള ക്രിസ്തീയ വിദ്യാഭ്യാസം, നിലനില്ക്കുന്ന സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനും ദൈവമാണെന്ന അനുമാനത്തിൽനിന്ന് പ്രവർത്തിക്കേണ്ടത് എത്ര സുപ്രധാനമാണ്. ഒടുവിൽ, ദൈവത്തെ നിഷേധിക്കുന്നതും ഒഴിവാക്കുന്നതുമായ ഏതൊരു തത്വസംഹിതയും, മുൻധാരണയും തെറ്റിലേക്കേ നയിക്കുകയുള്ളൂ. ലൗകിക വിദ്യാഭ്യാസം എല്ലാം പ്രവർത്തിക്കുന്നത് ദൈവം ഇല്ല എന്ന സങ്കല്പത്തിലാണ്; ക്രിസ്തീയ വിദ്യാഭ്യാസം ആ കെണിയിൽ അകപ്പെടുകയോ, ദൈവം ഇല്ല എന്ന സങ്കല്പത്തിൽ അടിസ്ഥാനമാക്കിയുള്ള തത്വങ്ങളിൽ ഗഹനമായി പ്രവർത്തിക്കുകയോ അരുത്.

പാപത്തിനുശേഷവും, നമ്മുടെ ലോകത്തിലുള്ള സൗന്ദര്യത്തെയും അവിശ്വസനീയമായ അതിശയത്തെയും കുറിച്ച് ചിന്തിക്കുക. എങ്ങനെയാണ് നമുക്ക് അതിൽനിന്ന് ആശ്വാസവും പ്രത്യാശയും കണ്ടെത്താനാകുക, പ്രത്യേകമായി വ്യക്തിപരമായ കഷ്ടപ്പാടിന്റെയും പരിശോധനകളുടെയും സമയങ്ങളിൽ?

## വിശുദ്ധ വസ്ത്രാലങ്കാരം

**സങ്കീർത്തനം 96:9 ഇങ്ങനെ വായിക്കുന്നു: "വിശുദ്ധ വസ്ത്രാലങ്കാരത്തോടെ യഹോവയെ നമസ്കരിപ്പിൻ; സകല ഭൂവാസികളുമായുള്ളോരേ, അവന്റെ മുമ്പിൽ നടുങ്ങുവിൻ."**

"വിശുദ്ധ വസ്ത്രാലങ്കാരത്തോടെ" ഈ ആശയത്തെ നാം എങ്ങനെ മനസ്സിലാക്കുന്നു? ഒരു ക്രിസ്ത്യാനിക്ക് ഇത് എന്ത് അർത്ഥമാകണം, മിക്കപ്പോഴും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള സൗന്ദര്യത്തെയും കലയെയും കുറിച്ച് നാം പഠിപ്പിക്കുന്നതിനെ ഇത് എങ്ങനെ സ്വാധീനിക്കണം? "കാഴ്ചക്കാരന്റെ കണ്ണുകളിലാണ് സൗന്ദര്യം" എന്ന് പറയപ്പെട്ടിട്ടുണ്ടെങ്കിലും, പ്രാരംഭമായി ഈ കണ്ണിനെ സൃഷ്ടിച്ചവൻ ആരാണെന്ന് നാം മറക്കരുത് (സദൃശ. 20:12 കാണുക).

സൃഷ്ടിയെ തന്നെ ആരാധിക്കാതിരിക്കുന്നതിൽ നാം ശ്രദ്ധാലുക്കളായിരിക്കണമെങ്കിലും (ഇന്നലത്തെ പഠനം കാണുക), സൃഷ്ടിയുടെ സൗന്ദര്യത്തിൽനിന്നും നമുക്ക് ദൈവത്തെക്കുറിച്ചും, നിശ്ചയമായും, സൗന്ദര്യത്തോടുള്ള അവന്റെ സ്നേഹത്തെക്കുറിച്ചും മനസ്സിലാക്കാം. വീഴ്ച ഭവിച്ച നമ്മുടെ ലോകം ഇപ്പോഴും ഇത്ര മനോഹരമായി കാണപ്പെടുന്നുവെങ്കിൽ, വീഴ്ചയ്ക്ക് മുമ്പ് എങ്ങനെയായിരുന്നിരിക്കും എന്ന് ആർക്ക് സങ്കല്പിക്കാൻ കഴിയും? ഇതു നമ്മെ പഠിപ്പിക്കുന്നതാകട്ടെ ദൈവം നിശ്ചയമായും സൗന്ദര്യത്തിന്റെ സ്രഷ്ടാവാണെന്നാണ്. കാരണം നാം ദൈവത്തിന്റെ സ്വന്തം കൗശലപ്പണിയുടെയും ശാസ്ത്രപ്രതിഭാസത്തിന്റെയും ഭാഗമാണ്; ക്രിസ്തുവിലുള്ള നമ്മുടെ സ്വന്തം വ്യക്തിത്വത്തെക്കുറിച്ചും നമുക്ക് കൂടുതലായി പഠിക്കാൻ കഴിയും.

"നമ്മുടെ ഭൗമിക ഭവനത്തെ അവൻ അണിയിച്ചൊരുക്കിയ ലളിതവും, ശാന്തവുമായ സൗന്ദര്യത്തിൽ ആനന്ദിക്കുകയും അവന്റെ കൈവേലയെ അഭിനന്ദിക്കുകയും വേണമെന്ന് ദൈവം തന്റെ കുഞ്ഞുങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നു. മനോഹരമായതിനെ സ്നേഹിക്കുന്നവനാണവൻ, ബാഹ്യമായി ആകർഷകമായതിനെക്കാൾ ഒക്കെ ഉപരിയായി അവൻ സ്വഭാവത്തിന്റെ സൗന്ദര്യത്തെ സ്നേഹിക്കുന്നു; പുഷ്പങ്ങളുടെ നിശ്ശബ്ദമായ മനോഹാരിതയും ലാളിത്യവും നൈർമ്മല്യവും നാം പരിപോഷിപ്പിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു" - E. G. White, Steps to Christ, p. 85.

**ഉല്പത്തി 3:6 വായിക്കുക. സൗന്ദര്യം മാത്രമല്ല വാസ്തവത്തിൽ വിശുദ്ധവും നല്ലതുമെന്നതിനെക്കുറിച്ച് അത് നമ്മെ എന്തു പഠിപ്പിക്കുന്നു? സദൃശ. 6:25; 31:30 ഉം കാണുക.**

ദൈവം ചെയ്ത സകലത്തിലും എന്നപോലെ, അത് വികലമാക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഒരു ശത്രു നമുക്കുണ്ട്. അപ്പോൾ പിന്നെ സൗന്ദര്യവും സൗന്ദര്യത്തിന്റെ ആശയവും നമുക്കെതിരെയും ഉപയോഗിക്കാൻ കഴിയും എന്നത് ആശ്ചര്യകരമല്ല. അപ്രകാരം, വിശേഷാൽ കലകളിൽ, തിരുവെഴുത്തിനാൽ നയിക്കപ്പെട്ട, ക്രിസ്തീയ വിദ്യാഭ്യാസം സൗന്ദര്യമുള്ളതെല്ലാം അത്യാവശ്യം വിശുദ്ധമോ നല്ലതോ അല്ല എന്ന് മനസ്സിലാക്കുന്നതിൽ സൂക്ഷ്മതയുള്ളവരായിരിക്കണം എന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കണം.

ശരിക്കും വിശുദ്ധമോ നല്ലതോ അല്ലാത്ത ചില "സൗന്ദര്യമുള്ള" കാര്യങ്ങൾ എന്താണ്? അല്ലെങ്കിൽ, സാഹചര്യങ്ങൾക്കനുസരിച്ച് അശുദ്ധമോ ചീത്തയോ ആയിത്തീരാവുന്ന സൗന്ദര്യമുള്ള കാര്യങ്ങൾ എന്താണ്? ഈ വ്യത്യാസങ്ങൾ വരുത്തുവാൻ നാം എന്ത് നിലവാരമാണ് ഉപയോഗിക്കുന്നത്?

## തെറ്റിൽ വിദഗ്ധർ

ദൈവത്തെ ആദരിക്കാത്ത തത്വശാസ്ത്രത്തിന്റെയും കലയുടെയും നല്ലൊരു പങ്ക് നമ്മുടെ ഭൂമിക്കുണ്ടെന്ന് നമുക്കറിയാം. ഇപ്രകാരമുള്ള മേഖലകളിൽ ക്രിസ്ത്യാനികൾ പ്രവേശിക്കുകപോലും ചെയ്യരുതെന്ന് അനേകർ വാദിച്ചേക്കാം. സെവന്ത്-ഡേ അഡ്വന്റിസ്റ്റ് ക്രിസ്ത്യാനികൾ ചില പ്രത്യേക വ്യവസായങ്ങളിലോ, പ്രസ്ഥാനങ്ങളിലോ, മാധ്യമങ്ങളിലോ മാത്രമേ ശ്രദ്ധാപൂർവ്വം തങ്ങളുടെ സ്വന്തം സംരംഭങ്ങൾ നടത്താവൂ.

**1 തിമൊഥെയൊസ് 6 ൽ എന്ത് കാര്യങ്ങളാണ് നാം ഒഴിവാക്കേണ്ടത് എന്നുള്ള നിർദ്ദേശങ്ങൾ നമുക്ക് നൽകപ്പെട്ടിട്ടുണ്ട്, എന്നാൽ നമുക്ക് ആവശ്യത്തിന് വിശദീകരണവും നൽകപ്പെട്ടിട്ടുണ്ട്. 1 തിമൊഥെയൊസ് 6:9,10 ൽ എന്ത് തൊഴിലുകൾക്ക് എതിരെയാണ് പൗലൊസ് താക്കീത് നൽകുന്നത്?**

**1 തിമൊഥെയൊസ് 6 ന്റെ ശേഷഭാഗം വായിക്കുക. പൗലൊസ് അനുമതി നൽകുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്?**

1 തിമൊഥെയൊസ് 6:20 ൽ "ജ്ഞാനമെന്ന് വ്യാജമായി പേർ പറയുന്നതിന്റെ" എതിരെ പൗലൊസ് താക്കീത് നൽകുന്നത് ശ്രദ്ധിക്കുക. അവൻ പ്രവർത്തിക്കുന്നത് വേറൊരു പശ്ചാത്തലത്തിൽനിന്നാണെങ്കിലും, തത്വം ഇപ്പോഴും ബാധകമാണ്. അതായത്, ഇപ്പോൾ മാത്രമല്ല പിന്നെയോ ചരിത്രത്തിലുടനീളം, തികച്ചും തെറ്റായിരുന്ന സകല വിശ്വാസങ്ങളെയും, സകല പഠിപ്പിക്കലുകളെയും, സകല അറിവുകളെയും കുറിച്ച് ചിന്തിക്കുക. നിശ്ചയമായും മനുഷ്യർക്ക് തെറ്റിൽ വിദഗ്ധരാകാം.

ഏകദേശം 2000 വർഷത്തോളം, ലോകത്തിലെ ഏറ്റവും മിടുക്കന്മാരായ ആളുകൾ, വിദഗ്ധർ വിശ്വസിച്ചിരുന്നത് പ്രപഞ്ചത്തിനു മദ്ധ്യത്തിൽ ചലനമറ്റ് ഭൂമി ഇരുന്നിരുന്നുവെന്നും, അതേ സമയം സകല നക്ഷത്രങ്ങളും ഗോളങ്ങളും പൂർണ വൃത്തങ്ങളിൽ അതിനെ ഭ്രമണം ചെയ്തിരുന്നു എന്നുമാണ്.

ഈ വിശ്വാസം പിന്താങ്ങുന്നതിനായി ചില സങ്കീർണമായ ഗണിതവും ശാസ്ത്രവുമൊക്കെ ഉപയോഗിച്ചു; അവയെല്ലാം പിന്നീട് എല്ലാ തലത്തിലും തെറ്റായി തെളിയിക്കപ്പെട്ടു. ആയതിനാൽ, ഈ മനുഷ്യർ തെറ്റുകളിൽ വിദഗ്ധരായിരുന്നു എന്ന് നമുക്ക് പറയാം, ഈ പഠിപ്പിക്കലിനെ നിശ്ചയമായും "ജ്ഞാനം എന്ന് വ്യാജമായി പേർ പറയുന്നു."

ഉദാഹരണത്തിന്, അതിന്റെ പിന്നിൽ യാതൊരു ഉദ്ദേശ്യമോ ദൈവമോ ഇല്ലാതെ, യാദൃച്ഛികമായി, കോടിക്കണക്കിന് വർഷങ്ങൾക്കുമുമ്പാണ് ജീവൻ ആരംഭിച്ചത് എന്ന സങ്കല്പത്തിലാണ് ജീവശാസ്ത്രം ഉറച്ചു വിശ്വസിക്കുന്നത്. അതേ സമയം, ഈ പഠിപ്പിക്കലിനെ അടിസ്ഥാനമാക്കി അവിശ്വസനീയമായ വിധം സങ്കീർണവും വിശദവുമായ ശാസ്ത്ര സാഹിത്യം ഉയർന്നുവന്നിട്ടുണ്ട്. ജനങ്ങൾക്ക് എങ്ങനെ തെറ്റിൽ വിദഗ്ധരാകാം എന്നതിനെക്കുറിച്ച് ഇതിൽനിന്ന് നമുക്ക് എന്ത് പാഠങ്ങൾ ലഭ്യമാകും? ഈ തിരിച്ചറിവ് എങ്ങനെയാണ് ക്രിസ്തീയ വിദ്യാഭ്യാസത്തെ പൊതുവിലും ശാസ്ത്ര പഠിപ്പിക്കലിനെ പ്രത്യേകമായും സ്വാധീനിക്കേണ്ടത്?

## ജ്ഞാനവും ഭോഷത്വവും

**സദൃശ. 1 വായിക്കുക. ശരിയായ ക്രിസ്തീയ വിദ്യാഭ്യാസം എന്തിനെ സംബന്ധിച്ചായിരിക്കണം എന്നതിനെക്കുറിച്ച് ഇത് നമ്മെ എന്തു പഠിപ്പിക്കുന്നു?**

ജ്ഞാനവും ഭോഷത്വവും തമ്മിൽ ഒരു സുസ്ഥിരമായ താരതമ്യം വേദപുസ്തകം കണ്ടെത്തുന്നു. വിഡ്ഢികളുമായി സൗഹൃദത്തിലാകുന്നതിന്റെയും മൗഢ്യമായ പെരുമാറ്റത്തിന്റെയും അപകടങ്ങളെക്കുറിച്ച് നമ്മെ ഓർപ്പിക്കുവാൻ സദൃശവാക്യങ്ങൾ ശ്രദ്ധിക്കുന്നു. വ്യത്യാസം വ്യക്തമാണ്: അവന്റെ ജനം പരിജ്ഞാനം തേടുകയും, ശ്രേഷ്ഠമായി കരുതുകയും, അതിൽ മുഴുകുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ശാസ്ത്രങ്ങളുടെയും കലകളുടെയും വിദ്യാർത്ഥികൾ അവരുടെ കഴിവുകൾ ഉപയോഗിച്ച് അറിവ് നേടുകയും അവരുടെ പഠനത്തിലെ മികവ് പിന്തുടരുകയും ചെയ്യുന്നു. ഈ വിഷയങ്ങളിലെ അദ്ധ്യാപകരും അങ്ങനെതന്നെ ചെയ്യുന്നു. കഴിവും അറിവും കാരണം നാം ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾക്കും കലാപരമായ മികവിനും കഴിവുള്ളവരായിത്തീരും.

എന്നിരുന്നാലും, ഒരു ക്രിസ്തീയ കാഴ്ചപ്പാടിൽനിന്ന്, സത്യവും അസത്യവും, നന്മയും തിന്മയും, തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനാകുന്നില്ല എങ്കിൽ ശാസ്ത്രങ്ങളിലും കലകളിലും ഉള്ള അറിവിന്റെ യഥാർത്ഥ അർത്ഥം എന്താണ്?

ഉദാഹരണത്തിന്, ഒരുവൻ ചെയ്യേണ്ടത്, ലോകത്തിലെ ഏറ്റവും വലിയ കലാകാരന്മാർ എന്ന് കരുതപ്പെടുന്നവരുടെ ജീവിതങ്ങളെക്കുറിച്ച് വായിക്കുമ്പോൾ ആശ്ചര്യകരമായ നൈപുണ്യവും താലന്തുകളും ഉണ്ടായിരിക്കുന്നത് ധാർമ്മികമായോ നീതിപൂർവ്വമായ ഒരു ജീവിതവുമായോ തുല്യമാകുന്നില്ല എന്ന് ബോധ്യമാകും. ഒരുവന് ഇങ്ങനെയും വാദിക്കാം, വ്യാപകമായ നാശത്തിനുവേണ്ടി ജീവശാസ്ത്രായുധങ്ങളും രാസായുധങ്ങളും സൃഷ്ടിക്കുന്ന വലിയ ശാസ്ത്രജ്ഞരും ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും, വലിയ താലന്തുകൾ ഉള്ളവരുമാണ്, എന്നാൽ അവരുടെ പ്രവൃത്തിയുടെ ഫലങ്ങൾ എന്താണ്? മുൻപ് പ്രസ്താവിച്ചതുപോലെ, ഒന്നിലോ അതിനെക്കുറിച്ച് തന്നെയോ ഉള്ള ജ്ഞാനം വാസ്തവത്തിൽ ഒരു നല്ല കാര്യമല്ല.

സദൃശ. 1:7 വായിക്കുക: യഥാർത്ഥ ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ കാതൽ എന്താണെന്ന് ഈ വാക്യം എങ്ങനെ വെളിപ്പെടുത്തുന്നു?

**പ്രപഞ്ചത്തെയും അതിനു പിന്നിൽ പ്രവർത്തിക്കുന്ന ഭൗതിക ശക്തികളെയും കുറിച്ച് പഠിക്കുന്ന നിരീശ്വരനായ ഒരു നോബേൽ പുരസ്കാര ജേതാവ് എഴുതി: "പ്രപഞ്ചത്തെ മനസ്സിലാക്കാമെന്ന് എത്രയും കൂടുതൽ തോന്നുന്നുവോ, അതിനെക്കാൾ കൂടുതൽ അതിൽ യാതൊരു കഴമ്പുമില്ല എന്ന് തോന്നും."**

**ഏതെങ്കിലും ഒന്നിലും അതിനെക്കുറിച്ച് തന്നെയും ഉള്ള അറിവ്, അർത്ഥശൂന്യം മാത്രമായിരിക്കില്ല, പിന്നെയോ, അതിലും മോശമായി, കടുത്ത തെറ്റിലേക്ക് നയിക്കുന്നത് എങ്ങനെ എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്ത് പറയണം?**

## ദൈവം ഇയ്യോബിന് ഉത്തരമരുളി

**ഇയ്യോബ് 38 വായിക്കുക. ഇത് നമ്മെ ദൈവത്തെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു.**

ദ്രവ്യത്തിന് അതിപ്രധാനമായ ശക്തി ഉണ്ടെന്ന് അനേകർ പഠിപ്പിക്കുന്നു- ചില സവിശേഷതകൾ അതിന് നൽകപ്പെട്ടിരിക്കുന്നുവെന്നും; പിന്നീട് അതിന്റെ സഹജമായ ഊർജ്ജത്തിലൂടെ പ്രവർത്തിക്കുവാൻ അതിനെ അനുവദിക്കുകയും, പ്രകൃതിയുടെ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നത് ചില കൃത്യമായ പ്രമാണങ്ങൾക്ക് പൊരുത്തപ്പെട്ടാണ്, ഇതിൽ ദൈവത്തിനുപോലും ഇടപെടാൻ കഴിയില്ല. ഇത് വ്യാജ ശാസ്ത്രമാണ്, അത് ദൈവവചനത്താൽ പോഷിക്കപ്പെടുന്നുമില്ല.

പ്രകൃതിയിൽ പിതാവിന്റെയും പുത്രന്റെയും തുടർച്ചയായ പ്രവർത്തനമുണ്ട്. ക്രിസ്തു പറയുന്നു, “എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു” (യോഹ. 5:17) - E. G. White, Patriarchs and Prophets, p. 114.

നിർഭാഗ്യവശാൽ, മുൻപു പറഞ്ഞതുപോലെ, ശാസ്ത്രത്തിൽ അധികവും പ്രവർത്തിക്കുന്നത് നിരീശ്വരവാദപരവും ഭൗതികവുമായ മുൻധാരണകളിലാണ്. അപ്പോൾ, ഇതിനർത്ഥം, ഒരു ശാസ്ത്രജ്ഞൻ പരമമായ സൗന്ദര്യമുള്ള എന്തിനെയെങ്കിലും നിരീക്ഷിക്കയായിരിക്കും, തികച്ചും സങ്കീർണമായത്, ചിലപ്പോൾ പരമമായ സൗന്ദര്യവും സങ്കീർണതയും ഒരുമിച്ച്, എന്നിട്ടും അവകാശപ്പെടുന്നത് അത് യാദൃച്ഛികമായി ഉണ്ടായതാണെന്നാണ്, യാതൊരു ദീർഘവീക്ഷണമോ ഉദ്ദേശ്യമോ അതിന്റെ പിന്നിലില്ലാതെ.

ഇതാണ്, വാസ്തവത്തിൽ, ശാസ്ത്രം എല്ലായ്പോഴും അവകാശപ്പെടുന്നത്. അതിന്റെ സകല സങ്കീർണതയിലും സൗന്ദര്യത്തിലും ഭൂമിയിലെ ജീവൻ- ചിത്രശലഭങ്ങൾ മുതൽ മനുഷ്യർ വരെ - ഇതെല്ലാം ഒന്നുമില്ലെന്നാണ് വിശദീകരിക്കപ്പെടുന്നത്, പിന്നെയോ കോടിക്കണക്കിന് വർഷങ്ങൾക്ക് മുൻപുണ്ടായ രാസപദാർത്ഥങ്ങൾ യാദൃച്ഛികമായി രൂപപ്പെട്ട് ഉണ്ടായതിന്റെ ഫലമായി ലളിതജീവനുണ്ടാകുകയും, പിന്നീട് ആകസ്മികമായ മാറ്റത്തിലൂടെയും സ്വാഭാവിക തിരഞ്ഞെടുപ്പിലൂടെയും, ഇന്നു ജീവിക്കുന്നതും, ചലിക്കുന്നതും, ശ്വസിക്കുന്നതുമായ എല്ലാമായി പരിണമിച്ചു.

ശാസ്ത്രം, ഇപ്പോൾ ആക്കിത്തീർക്കപ്പെട്ടതുപോലെ, വാദിക്കുന്നത് അമാനുഷികമായ ഒരു സ്രഷ്ടാവെന്ന ആശയം തന്നെ “അശാസ്ത്രീയമാണെന്നാണ്,” കാരണം അത് ശാസ്ത്രീയമായി പരിശോധിക്കാൻ സാധ്യമല്ലാത്തതിനാൽ, അത് ശാസ്ത്രത്തിന് കൈകാര്യം ചെയ്യാനാകാത്ത ഒരു ആശയമാണ്. ഈ മുൻ ധാരണ ശാസ്ത്രം സ്വയമായി പഠിപ്പിക്കുന്ന ഒന്നല്ല (വാസ്തവത്തിൽ, ശാസ്ത്രം അതിന് വിപരീതമായാണ് പഠിപ്പിക്കുന്നതെന്ന് തോന്നും: ലോകത്തിന്റെ എല്ലാ സൗന്ദര്യവും സങ്കീർണതയും നിശ്ചയമായും ഒരു സ്രഷ്ടാവിലേക്ക് വിരൽ ചൂണ്ടുന്നു) എന്നാൽ, പകരമായി ശാസ്ത്രജ്ഞന്മാരാൽ തന്നെ ആ വിഷയത്തിന്മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു തത്വസംഹിതാപരമായ ഒരു നിലപാടാണ്. എന്നിരുന്നാലും പ്രശ്നം എന്താണെന്നുവച്ചാൽ തിരുവെഴുത്ത് പഠിപ്പിക്കുന്നത് ദൈവം സകലവും സൃഷ്ടിക്കുക മാത്രമല്ല നിലനിർത്തുകയും ചെയ്യുന്നു എന്നാണ്. ഇതിനർത്ഥം ഏത് യഥാർത്ഥ ക്രിസ്തീയ വിദ്യാഭ്യാസവും, ശാസ്ത്രത്തിലുള്ളത്, ശാസ്ത്രം പൊതുവിൽ അവകാശപ്പെടുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായ സങ്കല്പത്തിൽനിന്ന് പ്രവർത്തിക്കേണ്ടിവരും. ഒഴിച്ചുകൂടാനാവാത്ത വിധം, ഏറ്റുമുട്ടലുകൾ ഉണ്ടാകും, പ്രത്യേകിച്ച് ഉത്ഭവത്തിന്റെ കാര്യം വരുമ്പോൾ.

## കൂടുതൽ ചിന്ത

അനേക കാര്യങ്ങൾ ശരിയായി ലഭിക്കുന്ന ശാസ്ത്രത്തിന് ഉത്ഭവങ്ങളുടെ കാര്യം തെറ്റിപ്പോയതിനു രണ്ട് കാരണങ്ങൾ നിലനില്ക്കുന്നു: ഒന്നാമത്, പ്രകൃത്യാ ഉള്ള ലോകത്തെ പഠിക്കുന്ന ശാസ്ത്രം പ്രകൃത്യാ ഉള്ള ലോകത്തിലേക്ക് മാത്രമേ ഉത്തരങ്ങൾക്കായി നോക്കാവൂ; രണ്ടാമതായി, ശാസ്ത്രം അനുമാനിക്കുന്നത് പ്രകൃതിയുടെ പ്രമാണങ്ങൾ സ്ഥിരമായിരിക്കണമെന്നാണ്. എന്നിട്ടുകൂടി, ഉത്ഭവങ്ങളുടെ കാര്യം വരുമ്പോൾ ഇവ രണ്ടും തെറ്റാണ്. ഒന്നാമത്തേത് എടുക്കൂ അതിൽ പ്രകൃത്യാ ഉള്ള സംഭവങ്ങൾക്ക് പ്രകൃത്യാ ഉള്ള കാരണങ്ങൾ വേണം. അത് ചുഴലിക്കാറ്റിനെ തിരഞ്ഞ് പിന്തുടരുന്നതിൽ ശരിയാണ്, എന്നാൽ "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1) എന്ന് ആരംഭിക്കുന്ന ഉത്ഭവത്തിന്റെ കാര്യത്തിൽ മൂല്യമില്ലാത്തതിനെക്കാൾ മോശമാണ് ഉത്ഭവങ്ങളുടെ കാര്യത്തിൽ പ്രകൃതി നിയമങ്ങൾക്ക് അതീതമായതിനെ നിരാകരിക്കുന്ന ശാസ്ത്രത്തിന് എങ്ങനെ നമ്മെ തികച്ചും പ്രകൃതിനിയമങ്ങൾക്ക് അതീതമായ ഉത്ഭവങ്ങളെക്കുറിച്ച് പഠിപ്പിക്കാനാകും?

ഇനി പ്രകൃതിയുടെ സ്ഥിരത? ഇതിൽ യുക്തി ഉണ്ടെന്ന് തോന്നുന്നു, എന്നാൽ റോമർ 5:12 "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു." ഗുണസംബന്ധമായി വ്യത്യസ്തവും തുടർച്ചയില്ലാത്തതുമായ ഒരു സ്വാഭാവിക അന്തരീക്ഷം ഉണ്ടെന്ന് മുൻകൂട്ടി ധരിക്കുന്നു, ശാസ്ത്രം ഇന്ന് അഭിമുഖീകരിക്കുന്ന ഏതിൽനിന്നും വിഭിന്നമാണ് ഇത്. മരണമില്ലാത്ത ഒരു ലോകമെന്നത് നമുക്കിന്ന് പഠിക്കാൻ കഴിയുന്ന ഏതിൽനിന്നും വ്യത്യാസമാണ്, അവ സമാനമല്ലാതിരുന്നപ്പോൾ സമാനമെന്ന് സങ്കല്പിക്കുന്നതും, തെറ്റിലേക്ക് നയിക്കും.

അതിനാൽ, ശാസ്ത്രത്തിന് ഉത്ഭവത്തിൽ തെറ്റു പറ്റുന്നതിനു കാരണം അത് സൃഷ്ടിപ്പിന്റെ രണ്ട് പ്രധാന കാര്യങ്ങൾ നിരാകരിക്കുന്നതുകൊണ്ടാണ്: അതിനു പിന്നിലുള്ള അമാനുഷിക ശക്തിയും ഇന്നു നമുക്കു മുന്നിലുള്ളതും ആദ്യ സൃഷ്ടിയും തമ്മിലുള്ള തികഞ്ഞ ഭൗതിക തുടർച്ചയില്ലായ്മയും.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **സൗന്ദര്യം എന്ന വിഷയത്തെക്കുറിച്ച് ക്ലാസിൽ സംസാരിക്കുക. എന്താണ് സൗന്ദര്യം? നാം അതിനെ എങ്ങനെ വിവരിക്കും? എങ്ങനെയാണ് ഒരു അക്രൈസ്തവനിൽ നിന്ന് വ്യത്യസ്തമായി ഒരു ക്രിസ്ത്യാനി എങ്ങനെയാണ് സൗന്ദര്യത്തെ വിവരിക്കുന്നതും മനസ്സിലാക്കുന്നതും?**
2. **എല്ലാ ക്രിസ്ത്യാനിയും സ്കൂളുകളിൽ പഠിപ്പിക്കാൻ വിളിക്കപ്പെടുന്നില്ല, എങ്കിലും, ക്രിസ്ത്യാനികൾക്ക് എപ്പോഴും വാക്കിലും പ്രവൃത്തിയിലും മറ്റുള്ളവരെ പഠിപ്പിക്കാം, ബോധപൂർവ്വമോ അല്ലെങ്കിൽ യാതൊരു ബോധ്യവും ഇല്ലാതെയും. ഈ കാരണത്താൽ, എന്ത് ശീലങ്ങളാണ് ഒരു ക്രിസ്ത്യാനി പോഷിപ്പിക്കേണ്ടത്, ക്രിസ്തുവിന്റെ ഒരു വിദ്യാർത്ഥി എന്ന നിലയിലും, ലോകത്തിന്റെ ഒരു അദ്ധ്യാപകനെന്ന നിലയിലും?**

* * *